LIBRARY ARCHIVES Kerala Legislative Assembly

പകർച്ചപ്പനിക്കുള്ള മരുന്നുകൾ

22 (8082) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പകർച്ചപ്പനി ബാധിച്ച് സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട 20 ടൈപ്പ് മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചതിനു കാരണം വ്യക്തമാക്കുമോ ;

(ബി) ഇതു പാവപ്പെട്ട രോഗികളെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) രോഗികളുടെ ജീവൻ അപകടത്തിലാകുന്ന പ്രവൃത്തിയിൽനിന്ന് സർക്കാർ പിന്തിരിയുമോ ?

ഉത്തരം

(എ-സി) -പകർച്ചപ്പനി ബാധിച്ച് സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടില്ല. രോഗിയുടെ അവസ്ഥയനുസരിച്ച് ഏത് മരുന്നാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത് ചികിത്സിക്കുന്ന ഡോക്ടർ ആണ്. പകർച്ചപ്പനി തടയുന്നതിന് എല്ലാ ആശുപത്രികളിലും നിർബന്ധമായും സൂക്ഷിക്കേണ്ട മരുന്നുകളുടെ ലിസ്റ്റ് മാത്രമാണ് വകുപ്പ് നൽകിയിട്ടുള്ളത്.

പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് നടപടികൾ

23 (8083) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലുള്ള പ്രമേഹരോഗികളുടെ ശരിയായ കണക്ക് ലഭ്യമാണോ ;

(ബി) പ്രമേഹരോഗികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമേഹരോഗികൾക്കുള്ള മരുന്ന് സൗജന്യമായി നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ ;